# മതാധികാരികളും യുദ്ധവും

കുറ്റിപ്പുഴ കൃഷ്ണപിള്ള



മതാധികാരികളും യുദ്ധവും

കുറ്റിപ്പുഴ കൃഷ്ണപിള്ള

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A fair Puritan, a painting by G. H. Buek (1862-1935). The image is taken from Wikimedia Commons and is gratefully acknowledged.


**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# മതാധികാരികളും യുദ്ധവും

യുദ്ധകാലം മതാധികാരികളുടെ ഒരു കൊയ്ത്തുകാലമാണ്. നിലയും വിലയും കെട്ട് നശിച്ചുതുടങ്ങിയ മതത്തിന്റെ മാനം രക്ഷിക്കാനും മാഹാത്മ്യം ഘോഷിക്കാനും ഇതുപോലെ പറ്റിയ ഒരവസരം അവർക്ക് മറ്റൊരു കാലത്തും ലഭിക്കുന്നതല്ല. യുദ്ധകാലത്ത് കച്ചവടക്കാർ സാമാനവിൽപനയിൽ അമിതമായ ലാഭം എടുത്ത് പണക്കാരനാകുന്നതുപോലെയാണ് ഇക്കൂട്ടരുടെയും പ്രവൃത്തി. ഇവർ വിൽക്കുന്നത് അന്ധവിശ്വാസച്ചരക്കുകളാണെന്ന് മാത്രമേ വ്യത്യാസമുള്ളൂ. യുദ്ധം മൂലം ഭയവിഹ്വലമാകുന്ന ജനസഞ്ചയത്തെ വഞ്ചിക്കുന്നതിന് എളുപ്പം കൂടുമല്ലോ. ഭയത്തിൽനിന്നാണ് മതത്തിന്റെ ഉല്പത്തി. ഭയംകൊണ്ടുതന്നെയാണ് അത് വളർച്ച പ്രാപിച്ചതും. യുദ്ധംകൊണ്ടും ജീവിതഭയം വർദ്ധിക്കുന്നു. തൽഫലമായി മനുഷ്യന്റെ ചിന്താശക്തി ക്ഷയിക്കുന്നു. ഏതെങ്കിലും ഒരു അഭയസ്ഥാനം നേടുക എന്ന നിലയിലാകും അപ്പോൾ അവന്റെ മനസ്സ്. ഈ തക്കം നോക്കിച്ചെല്ലുന്ന പുരോഹിതനും കള്ളപ്രമാണങ്ങൾ ചൊല്ലി കാര്യം നേടാൻ ഒരു പ്രയാസവും ഉണ്ടാകുന്നതല്ല. മതം മനംമയക്കുന്ന കറുപ്പാണെന്നുള്ള അഭിപ്രായം അക്ഷരംപ്രതി പരമാർത്ഥമാണ്. പക്ഷേ, ജീവിതം എത്രത്തോളം സുരക്ഷിതമാകുന്നുവോ അത്രത്തോളം ഈ കറുപ്പ് വില്പന സാദ്ധ്യമല്ലാതാകും. നൂതനമായ ഒരു സാമ്പത്തികഘടനകൊണ്ട് റഷ്യയിലെ ജീവിതം താരതമ്യേന കൂടുതൽ സുരക്ഷിതമായിത്തീർന്നപ്പോൾ മതാധികാരികൾക്ക് അവിടംവിട്ട് ഓടേണ്ടിവന്നു. ചുരുക്കത്തിൽ സമാധാനവും സംതൃപ്തിയും ഉള്ളിടത്ത് മതത്തിന് തലപൊക്കാൻ വയ്യാതാകും. ഈ തത്ത്വം മനസ്സിലാക്കിയിട്ടുള്ള മതാധികാരികൾ ലോകമൊട്ടുക്ക് ഇങ്ങനെയൊരു സുശോഭനാവസ്ഥ വന്നുചേരാൻ ആശിക്കുമെന്നോ അതിലേക്കുവേണ്ടി പ്രയത്നിക്കുമെന്നോ വിചാരിക്കുവാൻ നിവൃത്തിയില്ല. മനുഷ്യവർഗ്ഗത്തെ ഭയപ്പെടുത്തി അന്ധവിശ്വാസത്തിൽ ബന്ധിക്കുക എന്നുള്ളത് ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ അവരുടെ സ്ഥാപനങ്ങളുടെ നിലനിൽപിന് ഉപകരിക്കുന്ന ജീവിതഭീതിയെ ഉച്ചാടനംചെയ്യാൻ ഉള്ളഴിഞ്ഞു ശ്രമിക്കുമോ? ഒരിക്കലുമില്ലെന്ന് ഇതുവരെയുള്ള മതചരിത്രംതന്നെ വിളിച്ചുപറയുന്നുണ്ട്. ഇപ്പോൾ നടക്കുന്നതും ഇതുവരെ നടന്നിട്ടുള്ളതും ആയ ഭയങ്കര യുദ്ധങ്ങളുടെയും കലാപങ്ങളുടെയും പിന്നിൽ നോക്കിയാൽ മതസ്ഥാപനങ്ങൾ അവയ്ക്ക് പ്രേരകങ്ങളായി പ്രവർത്തിച്ചിട്ടുണ്ടെന്ന് കാണാം. ഇന്നത്തെ യുദ്ധം തന്നെ ഉദാഹരണമായിട്ടെടുത്ത് നോക്കുക! ഈ മഹാവിപത്തിനെ കാലേ കൂട്ടി കണ്ട് അത് വന്നുചേരാതിരിക്കാൻവേണ്ടി ഉറ്റുശ്രമിച്ചത് ഒരൊറ്റ രാജ്യം മാത്രമാണ്—മതത്തെ ആട്ടിപ്പായിച്ച റഷ്യ. ലോകസമാധാനത്തിനുവേണ്ടി റഷ്യ എത്രത്തോളം ആത്മാർത്ഥമായി ശ്രമിച്ചുവെന്ന് കാണിക്കുന്ന അനേകം രേഖാമൂലമായ തെളിവുകൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. യുദ്ധാരംഭംവരെ മോസ്കോവിൽ താമസിച്ച ഒരു അമേരിക്കൻ സ്ഥാനപതി ഈയിടെ പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തിൽ ഈ സംഗതികൾ നിഷ്പക്ഷമായി തുറന്ന് പറഞ്ഞിരിക്കുന്നു. മതാധിപന്മാരുടെ സ്വാധീനശക്തിക്ക് അടിമപ്പെട്ട് കിടക്കുന്ന ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങൾ ഇക്കാര്യത്തിൽ എത്രത്തോളം കുറ്റകരമായി പ്രവർത്തിച്ചിട്ടുണ്ടെന്നും ആ ഗ്രന്ഥകാരൻ വിശദമാക്കിയിട്ടുണ്ട്. ലണ്ടനിലെ ആർച്ച് ബിഷപ്പും റോമിലെ പോപ്പും സ്വന്തം നാട്ടുകാർക്ക് നേട്ടമുണ്ടാക്കുന്ന ആക്രമണങ്ങളെ സാധൂകരിക്കാൻ പാടുപെടുന്നത് നാം പലപ്പോഴും കണ്ടിട്ടുണ്ടല്ലോ. ഞാനും നീയും ഒന്ന് എന്ന് ചെന്നായ ആട്ടിൻകുട്ടിയോട് പറയുന്ന മട്ടിൽ ആക്രമിക്കപ്പെട്ട രാജ്യങ്ങൾക്ക് ഈ മതാധിപന്മാർ നൽകുന്ന സമാധാന സന്ദേശങ്ങൾ മതസ്ഥാപനങ്ങളുടെ ക്രൂരജടിലമായ അപഹരണസ്വഭാവം വെളിപ്പെടുത്തുവാനേ ഉപകരിക്കുകയുള്ളൂ. രാഷ്ട്രീയ വിപ്ലവങ്ങളുടെ ആഘാതമേറ്റ് അടിയിളകിത്തുടങ്ങിയിട്ടുള്ള സ്ഥാപിതതാല്പര്യങ്ങളിൽ (Vested interest) ഉൾപ്പെട്ടതാണല്ലോ സംഘടിതമതം. അത് നിലനിൽക്കണമെങ്കിൽ സാമ്രാജ്യങ്ങളും യുദ്ധങ്ങളും അത്യാവശ്യമാണെന്ന് ചരിത്രസംഭവങ്ങൾ തെളിയിക്കുന്നു. സാമ്രാജ്യങ്ങൾ ഉടഞ്ഞുതകർന്ന് യുദ്ധകാരണങ്ങൾ ഇല്ലാതായി ലോകം മുഴുവൻ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഇവ കളിയാടുമ്പോൾ മതപരമായ അപഹരണവും താനേ നശിച്ചുപോകുന്നതാണ്.



ഹിറ്റ്ലർ

യുദ്ധത്തെ സംബന്ധിച്ച് മതാധികാരികൾ പുറപ്പെടുവിക്കുന്ന ചില വാദങ്ങൾ ബഹുവിചിത്രമത്രെ. മതവിശ്വാസവും ഈശ്വരഭക്തിയും കുറഞ്ഞതു കൊണ്ടാണുപോൽ ഈമാതിരി ഭയങ്കര യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്! മതത്തിന് പ്രാബല്യം ഉണ്ടായിരുന്ന പഴയ കാലങ്ങളിലാണ് യുദ്ധങ്ങൾ കൂടുതലായി നടന്നതെന്ന ചരിത്രസത്യം ഇക്കൂട്ടർ ഓർമിക്കുന്നില്ല. ഇന്ന് യുദ്ധം ഉണ്ടെങ്കിലും അത് നിന്ദ്യവും വർജ്യവും ആയ ഒരു കർമമാണെന്ന് ഹിറ്റ്ലർപോലും സമ്മതിക്കുന്നുണ്ട്. വീരപുരുഷന്മാരുടെ ഉൽകൃഷ്ടധർമമായി യുദ്ധത്തെ കൊണ്ടാടുകയായിരുന്നു പണ്ടത്തെ പതിവ്. രാജാക്കന്മാരുടെ യോഗ്യത അളന്നുനോക്കുന്നത് അയൽരാജ്യങ്ങളെ പടവെട്ടിപ്പിടിക്കുന്നതിലത്രെ. ഈ അപരിഷ്കൃതാശയത്തിന് ഇന്ന് എന്തൊരു മാറ്റം വന്നിരിക്കുന്നു എന്ന് നോക്കുക! സർവരാജ്യസഭ (League of Nations) സ്ഥാപിതമായത് ലോകസമാധാനം സർവോപരി കാമ്യം എന്ന നൂതനാശയത്തിന്റെ പ്രേരണകൊണ്ടല്ലേ? അത് പ്രഥമയത്നത്തിൽ ഫലിച്ചില്ലെങ്കിലും ആ ആശയം ഇന്ന് സർവരാജ്യങ്ങളുടെ ഹൃദയത്തിലും ഉത്തേജിതമായി പ്രവർത്തിക്കുന്നതുകൊണ്ട് ഭാവിയിൽ അത് ഫലിക്കുമെന്ന് വിശ്വസിക്കാവുന്നതാണ്. ഈമാതിരിയൊരു നവീനവീക്ഷണം യുദ്ധസങ്കുലമായ ലോകചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിരുന്നോ? മതവിശ്വാസം ശിഥിലമായി വരുന്തോറും മനുഷ്യൻ കൂടുതൽ സംസ്കൃതമാനസനായി മുന്നോട്ട് പോകുകയാണ് എന്നുള്ളതിന് ഇതൊരു ഒന്നാംതരം തെളിവാകുന്നു. ഇന്നത്തെ യുദ്ധത്തിൽ പണ്ടില്ലാതിരുന്ന എന്തെല്ലാം ലോകമര്യാദകൾ ഇരുകക്ഷികളും ആദരിക്കുന്നു എന്ന് നോക്കുക! ഇന്ന് കാണുന്നവിധം പണ്ട് തടവുകാരായി പിടിക്കപ്പെടുന്നവർക്ക് ശുശ്രൂഷ ലഭിച്ചിരുന്നോ?

യുദ്ധം ചൂണ്ടിക്കാണിച്ചുകൊണ്ട് സയൻസിന്റെ തലയ്ക്കടിക്കാനും അതുവഴി മതമാഹാത്മ്യം പരത്തുവാനും ചിലർ ഉത്സാഹിക്കാറുണ്ട്. ഇപ്പോഴത്തെ യുദ്ധസമ്പ്രദായം അതിക്രൂരമായിപ്പോയതുകൊണ്ട് സയൻസിനെ പഴിക്കുന്നവർ. മനുഷ്യർ തീ കണ്ടുപിടിച്ചതും അബദ്ധമായി എന്ന് വാദിച്ചേക്കാം. ഭക്ഷണം പാകംചെയ്യുന്ന അഗ്നി ചിലപ്പോൾ ഭവനം ദഹിപ്പിക്കാനും ഇടയാകുന്നുണ്ടല്ലോ. സയൻസ് കൊണ്ട് യുദ്ധം ക്രൂരമായെങ്കിൽ ആ ക്രൂരത തടയുന്നതിനുള്ള മാർഗങ്ങളും സയൻസുതന്നെ കണ്ടുപിടിക്കുന്നുണ്ടെന്ന സംഗതി ഇവർ വിസ്മരിക്കുന്നു. യുദ്ധംമൂലമുണ്ടാകുന്ന ക്രൂരതയുടെ ഒരു ആകത്തുക കണക്കാക്കിനോക്കിയാൽ അത് ഇന്നത്തെക്കാൾ ഒട്ടും കുറവല്ലായിരുന്നു പണ്ടും എന്ന് കാണാവുന്നതാണ്. എന്ന് മാത്രമല്ല പണ്ടത്തെപ്പോലെ പൈശാചികമായ രീതിയിൽ യുദ്ധക്കളത്തിൽപ്പോലും ഇന്നത്തെ മനുഷ്യൻ പെരുമാറുന്നുണ്ടെന്ന് തോന്നുന്നില്ല. ആഹാരം കൊടുക്കുവാൻ വിഷമമെന്നുകരുതി ലക്ഷക്കണക്കിന് തടവുകാരുടെ തല വെട്ടിക്കളയുന്നതും മുറിവേറ്റ് അർദ്ധപ്രാണരായി വീഴുന്നവർ അവിടെത്തന്നെ കിടന്ന് നായ്ക്കൾക്കും നരികൾക്കും ഇരയാകുന്നതും മറ്റും ഇന്നത്തെ ദാരുണചിത്രങ്ങളാണോ? ഹിറ്റ്ലറുടെ ക്രൂരകർമങ്ങൾ ചിലത് വ്യത്യസ്തങ്ങളായിട്ട് മാത്രമേ ഗണിക്കാൻ പാടുള്ളൂ. ആധുനികയുദ്ധത്തിന്റെ സാമാന്യനിയമങ്ങൾക്ക് അവ ബാധകങ്ങളല്ല. മനുഷ്യവർഗത്തിന്റെ 'ആത്മീയത'യെല്ലാം നശിച്ച് മൃഗീയത പെരുകിപ്പെരുകി വരുന്നു എന്നും മറ്റും ആണ് ഇന്നത്തെ മതാധികാരികളുടെ പ്രസംഗം. മനുഷ്യചരിത്രം മനസ്സിലാക്കാതെയോ അഥവാ മനഃപൂർവം മറച്ചുവെച്ചോ മതത്തിന്റെ ജീർണോദ്ധാരണം നിർവഹിക്കാൻവേണ്ടി പുലമ്പുന്ന വിഡ്ഢിത്തങ്ങൾ എന്ന് മാത്രമേ ഇതിന് അർത്ഥം കല്പിക്കേണ്ടതുള്ളൂ.

(വിചാരവിപ്ലവം 1943)

□

## കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

### കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014